## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1698 21/1/2014 ൽ മറുപടിയ്ക്ക്

# റബ്ബർ വിലയിടിവും കാർഷിക ഉല്പാദന പ്രതിസന്ധിയും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | റബ്ബർ വിലയിടിവ് മൂലം സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായെന്ന് കണക്കാക്കിയിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) | കാർഷിക ഉല്പാദന പ്രതിസന്ധിമൂലം കേരളത്തിലെ കർഷകർക്കുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കി കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | റബ്ബർ കർഷകർക്കുള്ള പ്രശ്നങ്ങൾ പരിഹരിക്കണം എന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനസർക്കാർ ആവശ്യപ്പെടുകയുണ്ടായി. പ്രധാനമായും റബ്ബർ ഇറക്കുമതി തീരുവ കൂട്ടണമെന്നാണ് ആവശ്യപ്പെട്ടത്. കൂടാതെ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിക്ക് മുമ്പുണ്ടായിരുന്ന തുറമുഖ നിയന്ത്രണങ്ങൾ പുന: സ്ഥാപിക്കണമെന്നും സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ കയറ്റുമതി സബ്സിഡി ഏർപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് |

ആവശ്യപ്പെട്ടതനുസരിച്ച് 2013 ഡിസംബർ 20 മുതൽ ഇറക്കുമതി തീരുവ 20 ശതമാനമോ 30 രൂപയോ ഏതാണ് കുറവ് ആ നിരക്ക് എന്നാക്കി കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**